റിസർവു വനത്തിന്റെ അതിരുകൾ സർവ്വെ ചെയ്ത് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുക, നിലവിലുള്ള വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് വനസംരക്ഷണം കൂടുതൽ ഊർജ്ജിതപ്പെടുത്തുക, വനസംരക്ഷണ ജീവനക്കാർക്ക് കൂടുതൽ വാഹനങ്ങൾ, ആയുധങ്ങൾ എന്നിവ നൽകുക, കൈയേറ്റ സാദ്ധ്യതകൾ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ സംരക്ഷണ വിഭാഗം ജീവനക്കാരെ കൂടുതലായി നിയമിക്കുക, ഇവരെ സഹായിക്കാനായി പോലീസ് പ്രൊട്ടക്ഷൻ ഫോഴ്സ്, സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സ്, മൊബൈൽസ്കാഡ്, ഫ്ളയിംഗ് സ്കാഡ് എന്നീ സ്ഥിരസംവിധാനങ്ങൾ ഏർപ്പെടുത്തുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുംപുറമേ കൂടുതൽ റേഞ്ചുകളിൽ ഫോൺ സൗകര്യങ്ങൾ ഏർപ്പെടുത്താനും വയർലെസ് സെറ്റു സ്ഥാപിക്കാനുമുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

(സി, ഡി) സമീപകാലത്ത് ഉണ്ടായിട്ടുള്ള കൈയേറ്റശ്രമങ്ങൾ എല്ലാംതന്നെ അതാത് സമയത്ത് തടഞ്ഞിട്ടുണ്ട്.

സഹകരണ ബാങ്കുകളിലെ നിയമനം

* 10. [11] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ :

,, കെ. പി. രാമൻ :

,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നടക്കുന്ന നിയമനങ്ങളിൽ അഴിമതി നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു ;

(സി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം പി. എസ്. സി. ക്ക് വിടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) സംസ്ഥാന സഹകരണ ബാങ്കിലും ഏതാനും ജില്ലാ സഹകരണ ബാങ്കുകളിലും നടന്ന ചില നിയമനങ്ങളിൽ അഴിമതി നടന്നിട്ടുള്ളതായി ആരോപണം ഉള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പരാതികളെക്കുറിച്ച് അന്വേഷണം നടത്തി വരികയാണ്.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഹെലികോപ്ടർ യാത്ര

* 11. [12] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :

,, ടി. പി. പീതാംബരൻ മാസ്റ്റർ :

,, എ. കെ. ശശീന്ദ്രൻ :

ശ്രീമതി റേച്ചൽ സണ്ണി പനവേലി :

ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 ഫെബ്രുവരി 28 വരെ മുഖ്യമന്ത്രി എത്രതവണ ഹെലികോപ്ടർ വാടകയ്ക്കെടുത്തു യാത്ര ചെയ്തിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ യാത്രകൾ ഓരോന്നും എവിടെ മുതൽ എവിടെവരെയാണെന്നും ഏതെല്ലാം ദിവസങ്ങളിലായിരുന്നെന്നും ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണെന്നും വെളിപ്പെടുത്താമോ ;

(സി) മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി, മന്ത്രിമാർ ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ എന്നിവർ ഹെലികോപ്ടർ വാടകയ്ക്കെടുത്ത് ഔദ്യോഗികവും അനൗദ്യോഗികവുമായ ആവശ്യങ്ങൾക്ക് യാത്ര ചെയ്യുന്നതു സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറ് വല്ല ചട്ടങ്ങളും വ്യവസ്ഥകളും അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൻെറ കോപ്പി മേശപ്പുറത്തു വയ്ക്കാമോ ;

(ഇ) 1986 ഫെബ്രുവരി മാസത്തിൽ നേവിയുടെ ഹെലികോപ്ടർ വാടകയ്ക്കെടുത്ത് മുഖ്യമന്ത്രി കൊച്ചിയിൽനിന്ന് കോഴിക്കോട്ടേയ്ക്ക് യാത്ര ചെയ്യുകയുണ്ടായോ ;

(എഫ്) ഈ യാത്രയ്ക്കുവേണ്ടി ഹെലികോപ്ടർ വാടകയിനത്തിൽ എത്ര രൂപ ചെലവായതായാണ് കണക്കാക്കിയിട്ടുള്ളത് ;

(ജി) ഈ യാത്രയിൽ ആരൊക്കെയാണ് മുഖ്യമന്ത്രിയോടൊപ്പം ഹെലികോപ്ടറിൽ യാത്ര ചെയ്തതെന്നു വെളിപ്പെടുത്തുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇരുപത്തിയഞ്ചു പ്രാവശ്യം.

(ബി) യാത്രാസംബന്ധമായ വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു. കഴിഞ്ഞ ഫെബ്രുവരിമാസത്തെ യാത്രയൊഴിച്ച് ബാക്കിയെല്ലാം പൊതു ആവശ്യങ്ങൾക്കായിരുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉണ്ടായിട്ടുണ്ട്.

(എഫ്) വ്യക്തിപരമായ ആവശ്യത്തിനാകയാൽ സർക്കാരിൽനിന്നും ഒന്നും ചെലവാക്കിയിട്ടില്ല.

(ജി) ശ്രീ. വി. വേലായുധമേനോൻ (സെക്യൂരിറ്റി ഓഫീസർ) ശ്രീ. സി. എൻ. ആൻേറാ എന്നിവർ.

ഗൾഫ് രാജ്യങ്ങളിലെ മലയാളികൾ

* 12 [13] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾ പിരിച്ചുവിടൽ ഭീഷണിയെ നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) 1985-ൽ ഇങ്ങനെ ജോലി നഷ്ടപ്പെട്ട മലയാളികളുടെ സംഖ്യ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly